**യോഹന്നാൻ 6-ലെ ഏഴ് നിർണായക കാര്യങ്ങളുടെ ക്രമം**

**I. യോഹന്നാൻ 6-ൽ നമുക്ക് ആഴത്തിലുള്ള ഒരു മതിപ്പുണ്ടായിരിക്കുകയും നാം ശ്രദ്ധ നൽകുകയും ചെയ്യേണ്ടതായ ഏഴ് നിർണായക കാര്യങ്ങളുടെ ക്രമം**

- കർത്താവ് ജീവന്റെ അപ്പമാകുന്നു—വാ. 35, 48.
- നമുക്ക് ഭക്ഷിക്കുവാൻ കർത്താവ് തന്റെ ജീവന്റെ അപ്പം നൽകുന്നു [ജഡാവതാരം]—വാ. 51.
- നമുക്ക് കുടിക്കുവാൻ കർത്താവ് തന്റെ രക്തവും നമുക്ക് നൽകുന്നു [മരണം]—വാ. 53.
- കർത്താവ് മരിക്കുക മാത്രമല്ല, ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു [പുനരുത്ഥാനം]—വാ. 56.
- ക്രിസ്തു നമ്മിൽ ജീവിക്കുന്നതുകൊണ്ട്, അവന്മൂലം നാം ജീവിക്കുകയും ദൈവമുമ്പാകെ ജീവിക്കുകയും ചെയ്യുന്നു [സ്വാംശീകരിക്കുക]—വാ. 57.
- അവന്റെ ഭൗതിക മാംസമല്ല, അവന്റെ ആത്മാവ് നമുക്ക് ജീവനും ജീവസഹായവും നൽകുന്നു [ജീവൻ നൽകുന്ന ആത്മാവായിത്തീർന്നു]—വാ. 63.
- അവന്റെ വചനങ്ങൾ ആത്മാവും ജീവനും ആകുന്നു [ആത്മാവ് വചനത്തിൽ ദേഹരൂപമായിരിക്കുന്നു]—വാ. 63.

**കർത്താവായ യേശു വന്നതിന്റെ പ്രാഥമിക ഉദ്ദേശ്യം**

**II. നാം അവനെ ആത്മിക പോഷണമായി ഭക്ഷിക്കുകയും നമ്മുടെ സംരചനയായിത്തീരുവാൻ നാം അവനെ ദഹിപ്പിക്കുകയും ചെയ്യത്തക്കവണ്ണം അവനെത്തന്നെ നമുക്ക് ഭക്ഷണമായി—ജീവന്റെ അപ്പമായി—നൽകുക**

- ജീവന്റെ അപ്പമായി നൽകുക—നമ്മുടെ ആത്മിക പോഷണമാകുവാൻ ഭക്ഷിക്കുക; നമ്മുടെ സംരചനയായിത്തീരുവാൻ ദഹിപ്പിക്കുക

**കർത്താവ് ജീവന്റെ അപ്പമാണെന്നതിനെക്കുറിച്ചുള്ള വിശദമായ പ്രതിപാദനം**

**III. കർത്താവ് പ്രഖ്യാപിച്ചു, "ഞാൻ ജീവന്റെ അപ്പം ആകുന്നു"**

- നമ്മുടെ അനുഭവത്തിനും ആസ്വാദനത്തിനും ക്രിസ്തു ജീവന്റെ അപ്പമാണ്
  - അവനെ ഭക്ഷിക്കുകയും, ദഹിപ്പിക്കുകയും ചെയ്യേണ്ടതിന് നാം നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യണം
  - നാമെല്ലാവരും ഒരു കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കണം—ക്രിസ്തുവിനെ ഭക്ഷിക്കുന്നതിനും തുടർന്ന് നാം അവനിൽനിന്ന് എന്ത് ഭക്ഷിച്ചുവോ അതിനാൽ ജീവിക്കുന്നതിനും
- നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല, നിത്യജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരത്തിനായിത്തന്നെ നാം പ്രവർത്തിക്കണം—വാ. 27
- സ്വർഗത്തിൽനിന്നുള്ള സത്യ അപ്പവും, ദൈവത്തിന്റെ അപ്പവും—വാ. 32, 33
  - യോഹ. 6:33-ലെ "ദൈവത്തിന്റെ അപ്പം" വാക്യം 32-ലെ "സത്യ അപ്പം" ആണ്
  - സത്യ അപ്പം എന്ന നിലയിൽ, ക്രിസ്തു സത്യത്തിന്റെ, യാഥാർഥ്യത്തിന്റെ അപ്പമാണ്; ക്രിസ്തു സത്യമാണ്, യഥാർഥമാണ്.
  - സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന അപ്പം എന്ന നിലയിൽ ക്രിസ്തു സ്വർഗീയ അപ്പമാണ്, ദൈവത്തിന്റെ അപ്പം എന്ന നിലയിൽ, അവൻ ദൈവത്തിൽനിന്നുള്ളവനും, അവൻ ദൈവത്താൽ അയയ്ക്കപ്പെട്ടവനും, അവൻ ദൈവത്തോടുകൂടെ ഉണ്ടായിരുന്നവനുമാണ്
  - നാം ഈ അപ്പം ഭക്ഷിക്കുകയും ദഹിപ്പിക്കുകയും ചെയ്യുമ്പോൾ, അത് നമ്മുടെ സംരചനയായിത്തീരുകയും, നാം കർത്താവുമായി ഒന്നായി ചേർക്കപ്പെടുകയും ഇഴുകിച്ചേരുകയും ചെയ്യുന്നു
- ജഡാവതാരം—നമുക്ക് ജീവൻ ഉണ്ടായിരിക്കേണ്ടതിന് നമുക്കുവേണ്ടി മരിച്ചുകൊണ്ട് കർത്താവ് തന്റെ ശരീരം, അതായത്, തന്റെ മാംസം, നൽകി—വാ. 51b
- മരണം—"മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കാതെയും അവന്റെ രക്തം പാനംചെയ്യാതെയും നിങ്ങളുടെ ഉള്ളിൽ നിങ്ങൾക്ക് ജീവൻ ഇല്ല"—വാ. 53
  - രക്തത്തിന്റെയും മാംസത്തിന്റെയും വേർപിരിയൽ മരണത്തെ സൂചിപ്പിക്കുന്നു
  - അവന്റെ മാംസം ഭക്ഷിക്കുന്നത് നമുക്കുവേണ്ടി അവന്റെ ശരീരം നൽകുന്നതിൽ അവൻ ചെയ്തതെല്ലാം വിശ്വാസത്താൽ സ്വീകരിക്കുന്നതാണ്.
  - അവന്റെ രക്തം കുടിക്കുന്നത് നമുക്കുവേണ്ടി തന്റെ രക്തം ചൊരിയുന്നതിൽ അവൻ നിവർത്തിച്ചതെല്ലാം വിശ്വാസത്താൽ സ്വീകരിക്കുന്നതാണ്
- "എന്റെ മാംസം സത്യ ഭക്ഷണവും, എന്റെ രക്തം സത്യ പാനീയവും ആകുന്നു"—വാ. 55
  - നാം മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കാതെയും അവന്റെ രക്തം കുടിക്കാതെയും ഇരിക്കുന്നുവെങ്കിൽ നമ്മുടെ ഉള്ളിൽ നിത്യജീവൻ ഇല്ല
- "ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട് ഞാൻ പിതാവിന്മൂലം ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും"—വാ. 57
  - കർത്താവായ യേശുവിനെ ഭക്ഷിക്കുകയെന്നാൽ ജീവന്റെ മാർഗത്തിൽ വീണ്ടുംജനിച്ച പുതു മനുഷ്യനാൽ അവൻ സ്വാംശീകരിക്കപ്പെടേണ്ടതിന് അവനെ നമ്മിലേക്ക് സ്വീകരിക്കുക എന്നാണ്. അപ്പോൾ നാം സ്വീകരിച്ചവനായ അവനാൽ നാം ജീവിക്കുന്നു

**ജീവന്റെ അപ്പം ഇന്ന് വചനത്തിൽ ദേഹരൂപമായിരിക്കുന്ന ജീവൻ-നൽകുന്ന ആത്മാവാണ്**

**IV. "ജീവൻ നൽകുന്നത് ആത്മാവാകുന്നു;... ഞാൻ നിങ്ങളോട് സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു"**

- യോഹന്നാൻ 6-ന്റെ അവസാനഭാഗം ക്രിസ്തു ജീവൻ-നൽകുന്ന ആത്മാവും വചനവുമായിത്തീരുന്നതിനെക്കുറിച്ചുള്ള ഭാഗമാണ്
- അവൻ ജീവൻ-നൽകുന്ന ആത്മാവായതുകൊണ്ട്, നമുക്ക് അവനെ ഭക്ഷിക്കുവാനും നമ്മുടെ ഭക്ഷണമായി അവനെ സ്വാംശീകരിക്കുവാനും കഴിയും
- അവൻ ജീവൻ-നൽകുന്ന ആത്മാവാണ് ഈ ആത്മാവ് വചനത്തിൽ ദേഹരൂപമായിരിക്കുന്നു
- യോഹന്നാൻ 6:63-ൽ ആത്മാവിനുശേഷം "വചനങ്ങൾ" വരുന്നു. വചനത്തിലുള്ള ആത്മാവിനെ നാം സ്പർശിക്കുന്നില്ലെങ്കിൽ നമുക്ക് ജീവൻ സ്വീകരിക്കുവാൻ കഴിയുകയില്ല
- യോഹന്നാൻ 6 ജീവന്റെ വചനത്തോടുകൂടെ അവസാനിക്കുന്നു, അതാണ് ജീവന്റെ അപ്പമായ കർത്താവിനെ സ്വീകരിക്കുന്നതിനുള്ള മുഖാന്തരം
- വചനത്തിൽ ദേഹരൂപമായിരിക്കുന്ന ജീവൻ-നൽകുന്ന ആത്മാവായ അവനെ ദിവസവും ബന്ധപ്പെടുക